No. CEE/4245/PGM-2018/TA3

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2018

## ഓൺലൈൻ ഓപ്ഷനുകൾ സ്വീകരിക്കുന്നു.

2018-ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **26.03.2018** (തിങ്കളാഴ്ച) ആരംഭിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ജനറൽ വിഭാഗത്തിലെയും സർവ്വീസ് വിഭാഗങ്ങളിലെയും റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ അപേക്ഷാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഓൺലൈനായി നൽകാവുന്നതാണ്.

ഓപ്ഷൻ ലഭിക്കുന്നതിന് അപേക്ഷാർത്ഥികൾ വെബ്സൈറ്റിലെ **'PGMedical2018-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **26.03.2018** മുതൽ **03.04.2018** വൈകുന്നേരം **5** മണി വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

കോളേജുകൾ, കോഴ്സുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

**ഹെൽപ്പ്ലൈൻ നമ്പറുകൾ: (0471) 2339101, 2339102, 2339103, 2339104**

Santhosh Kumar
പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി

തിരുവനന്തപുരം
24.03.2018